ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.12.2024** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്‌പേയിയുടെ ജന്മവാർഷികത്തോട് അനുബന്ധിച്ച് രാജ്യം ഇന്ന് സദ്ഭരണ ദിനം ആചരിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മധ്യപ്രദേശിൽ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

   **India Observes Good Governance Day on Atal Bihari Vajpayee's Birth Anniversary; PM Narendra Modi to Launch Development Projects in Madhya Pradesh.**

2. സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശവുമായി ഇന്ന് ക്രിസ്തുമസ്; ആശംസകൾ നേർന്ന് രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ; ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനയും കുർബാനയും.

   **The World Celebrates Christmas Today with Messages of Peace and Love; President, VP, PM Extend Greetings; Special Prayers and Masses at Churches.**

3. അഞ്ച് സംസ്ഥാനങ്ങളിൽ പുതിയ ഗവർണർമാരെ നിയമിച്ച് രാഷ്ട്രപതി; രാജേന്ദ്ര വിശ്വനാഥ് അർലേകർ കേരള ഗവർണറാകും; ആരിഫ് മുഹമ്മദ് ഖാൻ ബിഹാറിലേക്ക്.

   **President Appoints New Governors for Five States; Rajendra Vishwanath Arlekar to be Kerala Governor, Arif Mohammad Khan to Bihar.**

4. ജമ്മു കശ്മീരിലെ പൂഞ്ച് ജില്ലയിലുണ്ടായ വാഹനാപകടത്തിൽ 5 സൈനികർക്ക് വീരമൃത്യു.

   **Five Soldiers Martyred in Vehicle Accident in Poonch District, Jammu and Kashmir.**

5. **വെസ്റ്റിൻഡീസിനെതിരായ ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്.**

India Wins ODI Series Against West Indies.

*****************************************

**HEADLINE-1a**

## PM - MADHYA PRADESH

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്‌പെയുടെ 100-ാം ജന്മവാർഷികത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മധ്യപ്രദേശ് സന്ദർശിക്കും. ഖജുറാവോയിൽ വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും. അടൽ ബിഹാരി വാജ്‌പെയുടെ 100-ാം ജന്മവാർഷിക സ്മാരക സ്റ്റാമ്പും നാണയവും ശ്രീ മോദി പുറത്തിറക്കും.

*********************************

**HEADLINE-1**

## ATAL BIHARI VAJPAYEE-BIRTH CENTENARY

ഇന്ന് സദ്ഭരണ ദിനം. മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്‌പേയിയുടെ നൂറാം ജന്മവാർഷികത്തോട് അനുബന്ധിച്ചാണ് ദിനാചരണം. 1924 ഡിസംബർ 25 ന് ഗ്വാളിയോറിൽ ജനിച്ച വാജ്‌പേയി, രാഷ്ട്രീയ നേതാവ് എന്നതിലുപരി വാഗ്മി, എഴുത്തുകാരൻ, സാമൂഹിക പ്രവർത്തകൻ, പത്രപ്രവർത്തകൻ എന്നീ നിലകളിലും പ്രശസ്തനായിരുന്നു. വാജ്‌പേയിയുടെ നേതൃത്വത്തിലാണ് ഇന്ത്യ 1998-ൽ പൊഖ്റാൻ-II ആണവപരീക്ഷണം വിജയകരമായി നടത്തി, ആണവരാഷ്ട്രപദവി ഉറപ്പിച്ചത്. 2015-ൽ ഇന്ത്യയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരതരത്ന നൽകി രാജ്യം വാജ്‌പേയിയെ ആദരിച്ചു.

*********************************

## PM - ATAL ARTICLE

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്‌പേയി ഒരു രാഷ്ട്രതന്ത്രജ്ഞനെന്ന നിലയിൽ ജനതയെ ഇന്നും

പ്രചോദിപ്പിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. വാജ്പേയിയുടെ നൂറാം ജന്മവാർഷികത്തിൽ അദ്ദേഹത്തിന്റെ ആദർശങ്ങൾ സാക്ഷാത്കരിക്കുന്നതിനും ഇന്ത്യയെക്കുറിച്ചുള്ള കാഴ്ചപ്പാട് നിറവേറ്റുന്നതിനും പ്രയത്നിക്കണമെന്ന് ശ്രീ മോദി ജനങ്ങളോട് അഭ്യർത്ഥിച്ചു.
**********************************

**HEADLINE-2**

## CHRISTMAS

സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശവുമായി ഇന്ന് ക്രിസ്തുമസ്. യേശുവിന്റെ ജന്മസ്ഥലമായ ബെത്‌ലഹേമിൽ ഗസയിലെ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് നിറം മങ്ങി. അതേസമയം, ക്രിസ്തുമസ് കുർബാനയിൽ ഫ്രാൻസിസ് മാർപാപ്പ സെന്റ് പീറ്റേഴ്സ് ബസിലിക്കയിലെ വിശുദ്ധ കവാടം തുറന്നതോടെ കത്തോലിക്ക സഭയുടെ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി. 25 വർഷത്തിൽ ഒരിക്കൽ മാത്രം നടക്കുന്ന ചടങ്ങാണിത്.

**********************************

**HEADLINE-2a**

## CHRISTMAS-GREETINGS (INTRO)

രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്രമോദി, കേരള മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ ക്രിസ്തുമസ് ആശംസകൾ നേർന്നു. യേശുക്രിസ്തു മുന്നോട്ടു വച്ച സ്നേഹത്തിന്റെയും ഐക്യത്തിന്റെയും സന്ദേശം ജീവിതത്തിൽ ഉൾക്കൊള്ളണമെന്ന് രാഷ്ട്രപതി പറഞ്ഞു. പ്രത്യാശയുടെയും അനുകമ്പയുടെയും ഐക്യദാർഢ്യത്തിന്റെയും സാർവത്രിക സന്ദേശമാണ് ക്രിസ്തുമസ് നൽകുന്നതെന്ന് ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു. ഐക്യം ഉയർത്തിപ്പിടിക്കാനും സമൂഹത്തിലെ വെല്ലുവിളികളെ കൂട്ടായി നേരിടാനും നമുക്ക് കഴിയണമെന്ന് പ്രധാനമന്ത്രി ആശംസിച്ചു. ക്രിസ്തുമസ് മുന്നോട്ടു വയ്ക്കുന്ന ശാന്തിയുടെയും സ്നേഹത്തിന്റെയും സന്ദേശം ഉയർത്തിപ്പിടിക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

( വോയിസ്.......)

എല്ലാ ശ്രോതാക്കൾക്കും ആകാശവാണി വാർത്തകളുടെ ക്രിസ്തുമസ് ആശംസകൾ.....

*********************************

**HEADLINE-2b**

## CHRISTMAS-CELEBRATIONS

ക്രിസ്തുമസിനോട് അനുബന്ധിച്ച് കേരളത്തിലെ ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനയും കുർബാനയും നടന്നു. കൊച്ചിയിൽ വിവിധ ദേവാലയങ്ങളിൽ നടന്ന തിരുപ്പിറവി ആഘോഷ ചടങ്ങുകളിൽ നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്തു. കൊച്ചി സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രലിൽ നടന്ന ചടങ്ങിൽ ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ മുഖ്യകാർമികത്വം വഹിച്ചു. കണ്ണൂർ ജില്ലയിലെ വിവിധ ക്രിസ്റ്റീയ ദേവാലയങ്ങളിൽ അർദ്ധരാത്രിയോടെ ആരംഭിച്ച ആഘോഷ പരിപാടികൾ പുലർച്ച വരെ നീണ്ടു. കോഴിക്കോട് ദേവമാത കത്തിഡ്രലിൽ നടന്ന തിരുകർമ്മങ്ങൾക്ക് ബിഷപ്പ് വർഗീസ് ചക്കാലക്കലും താമരശ്ശേരി മേരിമാതാ കത്തിഡ്രലിൽ ബിഷപ്പ് റെമിജിയോസ് ഇഞ്ചനാനിയലും കാർമികത്വം വഹിച്ചു. തിരുവനന്തപുരത്ത് പട്ടം സെന്റ് മേരീസ് കത്തീഡ്രൽ, പാളയം സെന്റ് ജോസഫ് കത്തീഡ്രൽ, വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയം തുടങ്ങിയ ഇടങ്ങളിൽ ക്രിസ്റ്റുമസ് പ്രാർത്ഥനകളിൽ നിരവധിപേർ പങ്കെടുത്തു.

*********************************

**HEADLINE-3**

## KERALA GOVERNOR

അഞ്ച് സംസ്ഥാനങ്ങളിൽ പുതിയ ഗവർണർമാരെ നിയമിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. ബിഹാർ ഗവർണറായിരുന്ന രാജേന്ദ്ര വിശ്വനാഥ് അർലേകർ കേരള ഗവർണറാകും. നേരത്തെ ഗോവ മന്ത്രി സഭയിലടക്കം അംഗമായിരുന്നു അദ്ദേഹം. ആരിഫ് മുഹമ്മദ്

ഖാൻ ബിഹാർ ഗവർണർ ആകും. കഴിഞ്ഞ സെപ്റ്റംബർ 5 ന് ആരിഫ് മുഹമ്മദ് ഖാൻ കേരളാ ഗവർണർ പദവിയിൽ അഞ്ച് വർഷം പൂർത്തിയാക്കിയിരുന്നു. ഒഡിഷ, മിസോറാം, മണിപ്പൂർ എന്നീ സംസ്ഥാനങ്ങളിലും പുതിയ ഗവർണർമാരെ നിയമിച്ചിട്ടുണ്ട്.

*********************************

**HEADLINE-4**

## JK-ACCIDENT

ജമ്മു കശ്മീരിലെ പൂഞ്ച് ജില്ലയിൽ ഇന്നലെയുണ്ടായ വാഹനാപകടത്തിൽ 5 സൈനികർക്ക് വീരമൃത്യു. അഞ്ച് പേർക്ക് പരിക്കേറ്റു. സൈനികർ സഞ്ചരിച്ച വാഹനത്തിന്റെ നിയന്ത്രണം നഷ്ടപ്പെട്ടതിനെ തുടർന്നാണ് അപകടമുണ്ടായതെന്നാണ് റിപ്പോർട്ട്.

*********************************

## PM-BAL PURASKAR

ഈ വർഷത്തെ 'പ്രധാനമന്ത്രി രാഷ്ട്രീയ ബാല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ന്യൂ ഡൽഹിയിൽ സമ്മാനിക്കും. 14 സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും ഏഴ് വിഭാഗങ്ങളിലായി അതുല്യ നേട്ടങ്ങൾ കൈവരിച്ച 17 കുട്ടികളാണ് പുരസ്കാരത്തിന് അർഹരായിട്ടുള്ളത്. കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയം ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്ര വനിതാ ശിശുവികസന മന്ത്രി അന്നപൂർണാ ദേവി തുടങ്ങിയവർ സംബന്ധിക്കും. ചടങ്ങിൽ സുപോഷിത് പഞ്ചായത്ത് പദ്ധതിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിക്കും.

*********************************

## VP - TELANGANA

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്നു മുതൽ രണ്ടു ദിവസത്തെ തെലങ്കാന സന്ദർശനം നടത്തും. തെലങ്കാനയിലെ ടുണിക്കിലുള്ള

കൃഷി വിജ്ഞാന കേന്ദ്രത്തിൽ നടക്കുന്ന പ്രകൃതി, ജൈവ കർഷക ഉച്ചകോടിയിൽ അദ്ദേഹം മുഖ്യാധ്യക്ഷനാകും.

**********************************

## SHAH - AGRICULTURE COOPERATIVE

പുതുതായി സ്ഥാപിതമായ പതിനായിരത്തിലധികം വിവിധ ഉദ്ദേശ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ഡയറി, ഫിഷറീസ് സഹകരണ സംഘങ്ങൾ എന്നിവ കേന്ദ്ര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ രാജ്യത്തിന് സമർപ്പിക്കും. പുതുതായി രൂപീകരിച്ച സഹകരണ സംഘങ്ങൾക്കുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, റുപേ കിസാൻ ക്രെഡിറ്റ് കാർഡുകൾ, മൈക്രോ എടിഎമ്മുകൾ എന്നിവയും കേന്ദ്രമന്ത്രി വിതരണം ചെയ്യും.

**********************************

## SHOOTING- NATIONAL CHAMPIONSHIP

67-ാമത് ദേശീയ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ, ഡൽഹിയിൽ നടന്ന വനിതകളുടെ സ്കീറ്റ് മത്സരത്തിൽ പഞ്ചാബിന്റെ ഗനേമത് സെഖോൺ തുടർച്ചയായ രണ്ടാം ദേശീയ കിരീടം നേടി. ഫൈനലിൽ, 60 ലക്ഷ്യങ്ങളിൽ 50 ഉം ഭേദിച്ചാണ് ഗനേമതിന്റെ സ്വർണ്ണ നേട്ടം. പുരുഷന്മാരുടെ സ്കീറ്റിൽ, ഭാവ്തേഗ് സിംഗ് ഗിൽ, 54 ഹിറ്റുകളോടെ തന്റെ ആദ്യ സീനിയർ ദേശീയ കിരീടം നേടി.

**********************************

**HEADLINE-5**

## CRICKET

വെസ്റ്റിൻഡിസിനെതിരായ ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്. ഇന്നലെ വഡോദരയിൽ നടന്ന മത്സരത്തിൽ വെസ്റ്റിൻഡീസിനെതിരെ 115 റൺസിന്റെ ജയത്തോടെ ഇന്ത്യ മൂന്ന് മത്സര പരമ്പര 2-0 ത്തിന് സ്വന്തമാക്കുകയായിരുന്നു. പരമ്പരയിലെ അവസാന മത്സരം ഈ മാസം 27 ന് നടക്കും.

**********************************

## SANTHOSH TROPHY (INTRO)

വെള്ളിയാഴ്ച നടക്കുന്ന സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടറിൽ കേരളം ജമ്മു കാശ്മീരിനെ നേരിടും. ഇന്നലെ ഗ്രൂപ്പ് ബിയിലെ അവസാന മത്സരത്തിൽ കേരള - തമിഴ്നാട് പോരാട്ടം 1-1 ന് സമനിലയിൽ കലാശിച്ചു. ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്....

(വോയിസ്)

**********************************

## SABARIMALA

ശബരിമലയിൽ അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്ക അങ്കി വഹിച്ചുള്ള ഘോഷയാത്ര ഇന്നുച്ചയ്ക്ക് പമ്പയിലെത്തും. സന്നിധാനത്ത് വൈകിട്ട് തങ്ക അങ്കിചാർത്തി ദീപാരാധന നടക്കും. നാളെയാണ് മണ്ഡല പൂജ. തിരക്ക് നിയന്ത്രിക്കാൻ ശബരിമലയിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മണ്ഡലകാലം പൂർത്തിയാക്കി നാളെ രാത്രി അടയ്ക്കുന്ന ക്ഷേത്ര നട മകരവിളക്ക് മഹോത്സവത്തിനായി ഈമാസം 30 നു തുറക്കും.

**********************************

## ATTACK-INDIAN CONSULATE IN JALALABAD

അഫ്ഗാനിസ്ഥാനിൽ, ജലാലാബാദിലെ ഇന്ത്യൻ കോൺസുലേറ്റിലെ ജീവനക്കാർക്ക് നേരെ ആക്രമണം. ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെടുകയും രണ്ട് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ജലാലാബാദിലെ ഇന്ത്യൻ കോൺസുലേറ്റിലെ പ്രാദേശിക അഫ്ഗാൻ ഉദ്യോഗസ്ഥർ സഞ്ചരിച്ച വാഹനം അജ്ഞാതരായ ആയുധധാരികൾ ആക്രമിച്ചതായാണ് റിപ്പോർട്ട്.

**********************************

## DELHI SECOND LIST

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിനുള്ള കോൺഗ്രസ് സ്ഥാനാർത്ഥികളുടെ രണ്ടാം പട്ടിക പുറത്തിറക്കി. 26 പേരാണ് പട്ടികയിലുള്ളത്. ഷക്കൂർ ബസ്തി മണ്ഡലത്തിൽ സതീഷ് ലുത്ര, രജൗരി ഗാർഡനിൽ ധർമ്മപാൽ ചന്ദേല, ജംഗ് പുരയിൽ ഫർഹാദ് സൂരി തുടങ്ങിയവർ രണ്ടാം പട്ടികയിൽ ഇടം പിടിച്ചിട്ടുണ്ട്.

*

*************

********************************************************